MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.CI/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്
2026 നവംബർ 27

ഇന്റർഡിസിപ്ലിനറി സയൻസ് റാങ്കിങ്ങിൽ കേരളത്തിൽ ഒന്നാമതായി മഹാത്മാഗാന്ധി സർവകലാശാല

ടൈംസ് ഹയർ എജ്യുക്കേഷൻ പുറത്തിറക്കിയ ഇന്റർഡിസിപ്ലിനറി സയൻസ് റാങ്കിങ്സ് 2027-ൽ മഹാത്മാഗാന്ധി സർവകലാശാല കേരളത്തിൽ ഒന്നാമതെത്തി. ആഗോളതലത്തിൽ 301–350 റാങ്ക് ബാൻഡിലാണ് സർവകലാശാല ഇടംനേടിയത്. 102 രാജ്യങ്ങളിൽ നിന്നായി 1,058 സർവകലാശാലകളാണ് ഇത്തവണ പട്ടികയിൽ ഉൾപ്പെട്ടത്.

വിവിധ ശാസ്ത്രശാഖകളെ സംയോജിപ്പിച്ചുള്ള ഗവേഷണത്തിലെ സർവകലാശാലകളുടെ സംഭാവനകളും പ്രതിബദ്ധതയും വിലയിരുത്തുന്നതാണ് റാങ്കിങ്. ഷ്മിറ്റ് സയൻസ് ഫെലോസുമായി സഹകരിച്ച് തയ്യാറാക്കുന്ന പട്ടികയിൽ ഗവേഷണ പദ്ധതികളുടെ വിഭവലഭ്യത കണക്കാക്കുന്ന ഇൻപുട്സ്, ഗവേഷണ പ്രക്രിയയ്ക്കുള്ള സംവിധാനങ്ങൾ അഥവാ പ്രോസസ്, ഗവേഷണഫലങ്ങളുടെ ഗുണനിലവാരവും സ്വാധീനവും കണക്കാക്കുന്ന ഔട്ട്പുട്സ് എന്നിവയാണ് പ്രധാനമായും വിലയിരുത്തുന്നത്. ഗവേഷണ അടിസ്ഥാനസൗകര്യങ്ങളും വിഭവങ്ങളും വിലയിരുത്തുന്ന ഇൻപുട്സ് വിഭാഗത്തിലെ സർവകലാശാലയുടെ മികവ് നേട്ടത്തിന് കരുത്തായി.

അമേരിക്കയിലെ മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആണ് ആഗോളതലത്തിൽ ഒന്നാമത്. സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി രണ്ടാമതും സ്റ്റാൻഫഡ് യൂണിവേഴ്സിറ്റി മൂന്നാമതുമെത്തി. അന്തർദേശീയ ഗവേഷണരംഗത്ത് പ്രമുഖ സർവകലാശാലകൾക്കൊപ്പം ഇടംനേടാനായത് മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഗവേഷണ മികവിനുള്ള അംഗീകാരമായി കണക്കാക്കുന്നു.
പി.ആർ.ഒ/1066/2026

പരീക്ഷാ കേന്ദ്രം അനുവദിച്ചു

ഡിസംബർ 1 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബിഎ, ബി.കോം (സിബിസിഎസ്) പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 -2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017, 2018 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നവംബർ 2026 പരീക്ഷകൾക്കുള്ള കേന്ദ്രങ്ങൾ അനുവദിച്ചു. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ. ഹാൾ ടിക്കറ്റുകൾ സെന്ററുകളിൽ ലഭ്യമാണ്. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി പരീക്ഷ കേന്ദ്രമായി അനുവദിച്ച സെന്ററിൽ എഴുതേണ്ടതാണ്.
പി.ആർ.ഒ/1067/2026

പ്രാക്ടിക്കൽ

എട്ടാം സെമസ്റ്റർ ബിഎച്ച്എം (പഴയ സ്കീം-2018,2019 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015-2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) സെപ്റ്റംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 11ന് പാലാ സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
—-------
അഞ്ചാം സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആന്റ് ജേർണലിസം (പുതിയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018,2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ 3ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
പി.ആർ.ഒ/1068/2026

പരീക്ഷ മാറ്റി വെച്ചു.

ഡിസംബർ 1ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബിഎഡ് (സിഎസ്എസ്) (ദ്വിവത്സര കോഴ്സി 2026 അഡ്മിഷൻ റഗുലർ, 2024-2026 അഡ്മിഷനുകൾ സപ്ലിമെന്ററി, 2021-2023 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ മാറ്റി വെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.
പി.ആർ.ഒ/1069/2026
പബ്ലിക് റിലേഷൻസ് ഓഫീസർ